## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3155** **13.10.2011 ന് മറുപടിയ്ക്ക്**

<u>ഭക്ഷ്യധാന്യസംഭരണം</u>

ചോദ്യം ഉത്തരം

ശ്രീമതി ഗീതാ ഗോപി ശ്രീ.റ്റി.എം.ജേക്കബ്

(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംഭരിക്കുന്നതിന് നിലവിലുള്ള സമ്പ്രദായം എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) 2005 ഫെബ്രുവരി മാസം മുതൽ നടപ്പിലാക്കിയ ഇ—ടെണ്ടർ സംവിധാനം മുഖേനയാണ് ഭക്ഷ്യ ധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രധാനമായും സംഭരിക്കുന്നത്.<br>ഓരോ മാസവുമുള്ള ശരാശരി വില്പന, ലീഡ് ടൈം, ലീഡ് ടൈം കാലത്തെ ഉപഭോഗം, സംഭരണ ശേഷി തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ഡിപ്പോകളിൽ ഒരു മാസത്തെ ആവശ്യകത കണക്കാക്കുന്നത്. ഇങ്ങനെ കണക്കാക്കുന്ന ആവശ്യകത ക്രോഡീകരിക്കുന്നതിനും തുടർ പ്രവർത്തനത്തിനുമായി ഹെഡ് ഓഫീസും ഡിപ്പോകളും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്.<br>ഡിപ്പോകളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ കൃത്യമായി കണക്കിൽപ്പെടുത്തുന്നതും അവ കാലതാമസമില്ലാതെ ഓൺലൈൻ സംവിധാനത്തിലൂടെ രേഖപ്പെടുത്തുന്നതുമാണ്.<br>കേന്ദ്ര ഗവൺമെന്റിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ സംസ്കരണ വിപണന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേരളത്തിലെ നെൽ കർഷകരിൽ നിന്നും കിലോഗ്രാമിന് 15 രൂപ നിരക്കിൽ നെല്ല് സംഭരിക്കുകയും കേരള |

| | |
|---|---|
| | സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകളിൽ നൽകി സംസ്കരിച്ച് അരിയാക്കി കേരളത്തിനുള്ള കേന്ദ്ര അലോട്ട്മെന്റിന്റെ ഭാഗമായി കാർഡുടമകൾക്ക് റേഷൻകടകളിലൂടെ വിതരണം നടത്തുകയും ചെയ്തുവരുന്നുണ്ട്. ഈ പദ്ധതിക്കുള്ള ചെലവ് കേന്ദ്ര സബ്സിഡിയിലൂടെയാണ് സപ്ലൈകോയ്ക്ക് ലഭിക്കുന്നത്. |
| (ബി) ഇതിനായി ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് സാധനങ്ങൾ വാങ്ങുന്നത് എന്നു വ്യക്തമാക്കാമോ ? | (ബി) ഇ—ടെണ്ടറിൽ പങ്കെടുക്കുന്ന വിതരണക്കാർ തമിഴ് നാട്, കർണ്ണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ വാങ്ങി നൽകുന്നുണ്ട്. |
| | സെക്ഷൻ ഓഫീസർ |